## പ്രസിദ്ധീകരണത്തിന്

നായർ സർവീസ് സൊസൈറ്റി എന്ന പ്രസ്ഥാനം കെട്ടിപ്പടുത്ത്, സമുദായത്തിന്റെ പുരോഗതിയിലൂടെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും നന്മയ്ക്കായി ജീവിതാവസാനംവരെ കഠിനാദ്ധ്വാനം ചെയ്ത കർമ്മയോഗിയായിരുന്നു ശ്രീ മന്നത്തു പത്മനാഭൻ.

ആദർശങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കാതെ സൃഷ്ടിപരമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ എൻ.എസ്.എസ്. പടുത്തുയർത്തിയിട്ടുള്ള വിദ്യാലയങ്ങളും കലാലയങ്ങളും നാനാജാതിമതസ്ഥരായ സാധാരണജനങ്ങൾക്ക് സൗജന്യമായി വിദ്യാഭ്യാസപുരോഗതി കൈവരിക്കുന്നതിന് ഇന്നും ഉപകരിക്കുന്നുണ്ട്.

മതേതരത്വത്തിലും ജനാധിപത്യത്തിലും ഈശ്വരവിശ്വാസത്തിലും അടിയുറച്ചുനിന്നുകൊണ്ട് സാമൂഹ്യനീതിക്കുവേണ്ടി അദ്ദേഹം എന്നും പോരാടിയിട്ടുണ്ട്.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ദുർവ്യയങ്ങൾക്കും ഉച്ചനീചത്വങ്ങൾക്കും എതിരെ എന്നും ശക്തമായ നിലപാട് സ്വീകരിച്ച സാമൂഹ്യപരിഷ്ക്കർത്താവും ആയിരുന്നു അദ്ദേഹം. എന്നാൽ, മതപരമായ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും വിശ്വാസങ്ങൾക്കും അദ്ദേഹം ഒരിക്കലും എതിരായിരുന്നില്ല.

ചരിത്രപ്രസിദ്ധമായ വൈക്കം സത്യാഗ്രഹം, 'സവർണജാഥ', ഗുരുവായൂർ സത്യാഗ്രഹം, അവർണ്ണരുടെ ക്ഷേത്രപ്രവേശനം തുടങ്ങിയ നവോത്ഥാനപ്രവർത്തനങ്ങളിൽ അദ്ദേഹം വഹിച്ചിട്ടുള്ള പങ്ക് ചരിത്രപ്രസിദ്ധമാണ്.

തൊട്ടുകൂടായ്മ, തീണ്ടൽ തുടങ്ങിയ അയിത്താചാരങ്ങൾക്ക് എതിരായി നടത്തിയ സമരമാണ് ഗുരുവായൂർ സത്യഗ്രഹം. ഹൈന്ദവക്ഷേത്രങ്ങളിൽ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം നല്കണമെന്ന് ആവശ്യപ്പെട്ടു നടത്തിയ ഗുരുവായൂർസത്യാഗ്രഹം കേരളനവോത്ഥാനചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. ഗുരുവായൂർസത്യാഗ്രഹക്കമ്മിറ്റിയുടെയും പ്രചാരണക്കമ്മിറ്റിയുടെയും നായകനായി തിരഞ്ഞെടുക്കപ്പെട്ടത് മന്നത്തുപത്മനാഭനായിരുന്നു.

എന്നാൽ ഗുരുവായൂർസത്യഗ്രഹസമരസ്മാരകം നിർമ്മിച്ച് 2018 മെയ് 8-ന് ഉദ്ഘാടനം ചെയ്തപ്പോൾ മന്നത്തുപത്മനാഭനെ ഓർമ്മിക്കാനോ, സ്മാരകത്തിൽ പേരുചേർക്കാനോ സർക്കാർ തയ്യാറാകാതിരുന്നത് അധാർമ്മികവും ബോധപൂർവമായ അവഗണനയും ആയിത്തന്നെ കാണേണ്ടിയിരിക്കുന്നു.

ഇന്നത്തെ ഭരണകർത്താക്കൾ അവർക്കാവശ്യമുള്ളപ്പോൾ മന്നത്തുപത്മനാഭനെ നവോത്ഥാനനായകനായി ഉയർത്തിക്കാട്ടി അദ്ദേഹത്തിന്റെ ആരാധകരെ കൈയിലെടുക്കാൻ ശ്രമിക്കുകയും, അതേസമയംതന്നെ അവസരംകിട്ടുമ്പോഴെല്ലാം അവഗണിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിന് ഒരു ഉദാഹരണമാണ് കഴിഞ്ഞ ദിവസം ദേശാഭിമാനിപത്രത്തിന്റെ എഡിറ്റോറിയൽപേജിൽ വന്ന ലേഖനവും സത്യഗ്രഹസമരസ്മാരകത്തിൽനിന്ന് മന്നത്തിന്റെ പേര് ഒഴിവാക്കിയ സംഭവവും. ഇടതുപക്ഷസർക്കാരിന്റെ ഈ ഇരട്ടത്താപ്പുനയം നായർ സർവീസ് സൊസൈറ്റിയും അദ്ദേഹത്തിന്റെ ആരാധകരും തിരിച്ചറിയുന്നു എന്ന കാര്യം ബന്ധപ്പെട്ടവർ ഓർക്കണം. ഇതിന്റെ പിന്നിലുള്ള രാഷ്ട്രീയവൈരത്തിന്റെ ഉറവിടം എന്തെന്നും എല്ലാവർക്കും മനസ്സിലാക്കാവുന്നതേയുള്ളു.

പെരുന്ന
27.2.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി